# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **869** 09.08.2017 -ലെ മറുപടി

## ഇരുമ്പിളിയം - കൈതക്കടവ്, കുറ്റിപ്പുറം -കങ്കക്കാവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഇരുമ്പിളിയം - കൈതക്കടവ്, ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുറ്റിപ്പുറം -കങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ടെണ്ടർ നടപടികളായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | രണ്ട് പദ്ധതികളുടെയും നിലവിലെ അവസ്ഥയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (സി) | ഇരുമ്പിളിയം - കൈതക്കടവ് റഗുലേറ്റർ ഭാരതപ്പുഴയുടെയും തൂതപ്പുഴയുടെയും സംഗമ സ്ഥാനത്തിൽനിന്നും തൂതപ്പുഴയിൽ ഏകദേശം 2 കി.മീ. അപ്സ്ട്രീമിലായാണ് പ്രൊപ്പോസ് ചെയ്തിരുന്നത്. എന്നാൽ ഭാരതപ്പുഴയിൽ തൂതപ്പുഴ യുടെ സംഗമസ്ഥാനത്തിന് തൊട്ടു താഴെ ചുട്ടക്കട വിൽ ജലസേചനവകുപ്പിന്റെ കീഴിൽ ഒരു റഗുലേറ്ററിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. കൈതക്കടവ് ആർ.സി. ബി.യുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഐഡിആർബി യിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിരുന്നെങ്കിലും ചുട്ടക്കടവ് റഗുലേറ്ററിൽ ശേഖരിക്കുന്ന വെള്ളം കൈതക്കടവ് ഭാഗത്തും എത്തുമെന്നതിനാൽ പദ്ധതിയുടെ ആവശ്യകത പുന പരിശോധനയിലാണ്.<br>കുറ്റിപ്പുറം-കാങ്കക്കടവ് ആർ.സി.ബി ക്കുവേണ്ടി 100 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ